" ജലശുദ്ധീകരണ കാമ്പയിൻ" തുടങ്ങിയവവഴി ഇത്തരം രോഗങ്ങൾ കുറയ്ക്കുവാൻ സാധിച്ചു. കൂടാതെ ആഴ്ചതോറുമുള്ള ഡ്രൈഡേ ആചരണം, സേഫ് കേരളാ പ്രോഗ്രാംവഴി വീടുകൾ, സ്ഥാപനങ്ങൾ, തോട്ടങ്ങൾ സന്ദർശിച്ച് നടപടിയെടുക്കൽ തുടങ്ങിയവയും രോഗ നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കി. ഡെങ്കിപ്പനി, ചിക്കൻ ഗുനിയ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ കൊതുകിന്റെ ഉറവിട നശീകരണം, സ്പ്രേയിംഗ്, ഫോഗിംഗ് തുടങ്ങിയവ നടത്തുകയുണ്ടായി. ജലജന്യ രോഗങ്ങൾ തടയുന്നതിന് ക്ലോറിനേഷനും കുടിവെള്ള പരിശോധനകളും നടത്തി വരുന്നുണ്ട്. ആദിവാസി കോളനികളിൽ കുരങ്ങുപനിക്കെതിരെ രോഗ പ്രതിരോധ കുത്തിവയ്പ് നടത്തിയിട്ടുണ്ട്. ചെള്ള് കടിക്കാതിരിക്കുന്നതിനുള്ള ലേപനം നൽകൽ, മാലത്തിയോൺ സ്പ്രേയിംഗ് തുടങ്ങിയവയും നടത്തിവരുന്നു. കൂടാതെ വ്യക്തി സുരക്ഷയ്ക്ക് വേണ്ടിയുള്ള സാധനങ്ങളായ ഗംബൂട്ട്, ലേപനം, കൈയുറ മുതലായവ നൽകിവരുന്നു. നോട്ടീസ് വിതരണം, ബോർഡുകൾ, പോസ്റ്റർ, ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ തുടങ്ങിയവയും നടത്തിവരുന്നു.

ഡെങ്കിപ്പനിയുടെ പുതുക്കിയ ചികിത്സാ മാർഗ്ഗരേഖ എല്ലാ സ്വകാര്യ/സർക്കാർ ഡോക്ടർമാർക്കും ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആവശ്യമായ മരുന്ന്, അണുബാധ നിയന്ത്രണ സാമഗ്രികൾ, പരിശോധനാ കിറ്റുകൾ, അണുനാശിനികൾ, കീടനാശിനികൾ, ഉപകരണങ്ങൾ തുടങ്ങിയവയുടെ ലഭ്യത ഉറപ്പാക്കി. എല്ലാ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന പകർച്ചവ്യാധി നിയന്ത്രണ സെൽ രൂപീകരിച്ചു. രോഗം റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ,ജില്ലാ പൊതുജനാരോഗ്യ ടീം, സംസ്ഥാന പൊതുജനാരോഗ്യ ടീം, സംസ്ഥാന എന്റമോളജി ടീം, കേന്ദ്ര സംഘം തുടങ്ങിയവർ സന്ദർശിച്ച് നിയന്ത്രണ പ്രവർത്തനങ്ങൾ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നു.

ദന്തഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കൽ

70 (4873) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദന്തരോഗങ്ങൾ ബാധിക്കുന്നവരുടെ എണ്ണവും ദന്തരോഗ സംരക്ഷണത്തിന് സർക്കാർ മേഖലയിലുള്ള ചികിത്സയുടെ അപര്യാപ്തതയും കാരണം പൊതുജനങ്ങൾ വർദ്ധിച്ചതോതിൽ സ്വകാര്യമേഖലയെ ആശ്രയിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് ആരോഗ്യവകുപ്പിന്റെ കീഴിൽ എത്ര ദന്തഡോക്ടർ തസ്തികകളാണ് നിലവിലുള്ളത് ;

(സി) ഗ്രാമീണ മേഖലയിൽ ഉൾപ്പെടെ ദന്തരോഗചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിനായി പുതിയ ദന്തഡോക്ടർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചുവോ; പ്രസ്തുത പ്രൊപ്പോസലിന് എപ്പോഴേക്ക് അംഗീകാരം നൽകാൻ കഴിയും; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആരോഗ്യവകുപ്പിന്റെ കീഴിൽ 111 ദന്തൽ സർജന്മാരുടെയും 1 ഡെപ്യൂട്ടി ഡയറക്ടർ (ദന്തൽ) തസ്തികയും നിലവിലുണ്ട്.

(സി) ദന്തൽ യൂണിറ്റ് ഇല്ലാത്ത 24 താലൂക്ക് ആശുപത്രികളും 24 ദന്തൽ സർജന്റെയും 24 ദന്തൽ ഹൈജീനിസ്റ്റിന്റേയും തസ്തികകൾ ഉൾപ്പെടുത്തി ആരോഗ്യവകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

ഹൃദയശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കുന്ന സ്റ്റെന്റുകൾക്ക് പിന്നിലെ തട്ടിപ്പ്

71 (4874) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൃദയശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കുന്ന സ്റ്റെന്റുകൾക്ക് ചില സ്വകാര്യ ആശുപത്രികൾ കൊള്ളവില ഈടാക്കുന്നതിനെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വൻ റാക്കറ്റുകളാണ് സ്റ്റെന്റ് തട്ടിപ്പിന് പിന്നിൽ പ്രവർത്തിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇവരുടെ പ്രവർത്തനം നിരോധിക്കാനും ഇവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവന്ന് അർഹമായ ശിക്ഷ നൽകാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly